# കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ഒക്ടോബർ

# 2019




## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

## തിരുവനന്തപുരം

## 2019

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറ്റർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

16-11-2019 — ഡയറക്ടർ

## ആമുഖം

സംസ്ഥാനത്ത് അരിയുടെ വിലയിൽ നേരിയ തോതിലുള്ള ഒരു വർദ്ധനവിന്റെ പ്രവണത ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ് അവലോകന മാസത്തിൽ ശ്രദ്ധിക്കപ്പെട്ട പ്രധാനപ്പെട്ട വസ്തുത. ഇതര സംസ്ഥാനങ്ങളിലുണ്ടായ കനത്ത പേമാരിയെ തുടർന്ന് മാർക്കറ്റിൽ അരിയുടെ വരവ് കുറഞ്ഞതാണ് വിലക്കയറ്റത്തിന് കാരണമെന്നും,. നവംബർ പകുതിയോടുകൂടി വില കുറയാൻ ഇടയുണ്ടെന്നുമാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. എന്നാൽ റെക്കോർഡ് നെല്ല് ഉല്പാദനവും, സർക്കാരിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ രീതിയിൽ നെല്ല് സംഭരണവും നടന്ന ഈ ഘട്ടത്തിൽ അരിയുടെ വിലയിലുണ്ടായിരിക്കുന്ന ഈ വർദ്ധനവ്, അത് ചെറിയ വർദ്ധനവാണെങ്കിലും ശ്രദ്ധിക്കേണ്ടതും പരിശോധിക്കേണ്ടതും ആവശ്യമാണെന്ന് തോന്നുന്നു .

ഒരു ചെറിയ ഇടവേളയ്ക്കു ശേഷം സവാളയുടെയും ഉള്ളിയുടെയും തക്കാളിയുടെയും വിലയിൽ വീണ്ടും വർദ്ധനവ് ദൃശ്യമായി. കനത്ത മഴയിൽ കൃഷി നാശം സംഭവിച്ചത് കാരണമാണ് ഇപ്പോഴത്തെ വിലക്കയറ്റത്തിന് കാരണം. സവാളയുടെ വില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ കുറവായിട്ടാണ് കേരളത്തിൽ ലഭിക്കുന്നത്. സവാളയുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ വിപണിയിൽ ഇടപെട്ടതിന്റെ ഫലമായിട്ടാണ് ഉത്തരേന്ത്യയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ കേരളത്തിൽ സവാളയുടെ വില നിയന്ത്രിച്ചു നിർത്താൻ സാധിച്ചത്. വിപണി ഇടപെടലിൽ മറ്റേതു സംസ്ഥാനത്തേക്കാളും കേരളം മുന്നിട്ടു നിൽക്കുന്നു എന്നുള്ളത് അഭിമാനകരമായ ഒരു നേട്ടമാണ്. അതേസമയം, വെളുത്തുള്ളിയുടെ വില ആകാശംമുട്ടെ ഉയരുകയാണ്. ഡിമാന്റിനനുസരിച്ചു ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാവാത്തതാണ് വിലക്കയറ്റത്തിന് കാരണം. നിലവിലുള്ള സാഹചര്യത്തിൽ വെളുത്തുള്ളിയുടെ വിലയിൽ വിലക്കുറവിനുള്ള സാധ്യത കാണുന്നില്ല.

എല്ലാ കാലാവസ്ഥ പ്രവചനങ്ങളെയും തെറ്റിച്ചുകൊണ്ട് കാലവർഷം ഒക്ടോബറിലും തുടരുകയാണ്. കനത്ത തോതിലുള്ള തെക്കു പടിഞ്ഞാറൻ കാലവർഷത്തിനു ശേഷം അതിനേക്കാൾ ശക്തമായി തന്നെ വടക്കു കിഴക്കൻ കാലവർഷവും അനുഭവപ്പെടുകയാണ്. തെക്കുപടിഞ്ഞാറൻ കാലവർഷം പോലെ തന്നെ വടക്കു കിഴക്കൻ കാലവർഷവും തെക്കൻ സംസ്ഥാനങ്ങളിലും മധ്യേന്ത്യയിലുമാണ് രൂക്ഷമായി അനുഭവപ്പെടുന്നത്. കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ചു ഒക്ടോബർ ഒന്ന് മുതലുള്ള വടക്കു കിഴക്കൻ കാലവർഷ കാലത്ത് ഇതുവരെയായി ഇന്ത്യയിൽ 38 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്. മഴയിൽ വ്യാപകമായ നാശ നഷ്ടങ്ങളും കൃഷി നാശവും സംഭവിച്ചിട്ടുണ്ട്. പ്രത്യേകിച്ച് കാർഷിക സംസ്ഥാനങ്ങളിലുണ്ടായ മഴയുടെ കെടുതി കാർഷിക ഉത്പന്നങ്ങളുടെ വിലയെ കാര്യമായി സ്വാധീനിക്കുന്നതാണ്.നിലവിൽ വിപണിയിൽ അനുഭവപ്പെടുന്ന വിലക്കയറ്റത്തിന്റെ പ്രധാന കാരണവും ഈ പേമാരി തന്നെയാണ്.

ഒക്ടോബർ 1 മുതൽ ആരംഭിച്ച വടക്കു കിഴക്കൻ മൺസൂൺ കാലത്ത് കേരളത്തിൽ ഇതുവരെയായി 40 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്. ഇടുക്കി ,തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ അധിക മഴ ലഭിച്ചു.. കാസർഗോഡ് 98 ശതമാനം അധിക മഴ ലഭിച്ചപ്പോൾ ഇടുക്കി തിരുവനന്തപുരം ജില്ലകളിൽ 5 ശതമാനം കുറവ് രേഖപ്പെടുത്തി.

കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം എല്ലാ റീജിയനുകളിലും റിസർവോയറുകളിൽ ജല ലഭ്യത കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ കൂടുതലാണ്. ഇത് വരുന്ന വേനൽ കാലത്ത് കാർഷിക മേഖലയ്ക്ക് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2019-20 റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ മാറ്റമില്ലാതിരിക്കുമ്പോൾ പയർ വർഗ്ഗങ്ങളിൽ മൊത്തം 12 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു. റാബി സീസണിലെ ഉത്പാദനമാണ് പയർ വർഗ്ഗങ്ങളുടെ വില നിശ്ചയിക്കുന്നതിൽ പ്രധാനമെന്നിരിക്കെ ഈ കുറവ് പ്രധാനമാണ്.

2019 -20 സീസണിലെ നെല്ല് സംഭരണം ഒക്ടോബർ ഒന്ന് മുതൽ ആരംഭിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 168 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. പ്രധാനമായും പഞ്ചാബ് ,ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരണം ആരംഭിച്ചത്. മറ്റ് സംസ്ഥാനങ്ങളിലും സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ സപ്പ്ളൈകോയുടെ നേതൃത്വത്തിലുള്ള നെല്ല് സംഭരണത്തിൽ ഇതുവരെയായി 30000 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് .

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ വർദ്ധനവിനുള്ള ഒരു പ്രവണത ദൃശ്യമായിരുന്നു.ഏതാണ്ട് എല്ലാ ഇനം അരിയുടെ വിലയിലും നേരിയ തോതിലുള്ള ഈ വർദ്ധനവ് അനുഭവപ്പെട്ടു. കനത്ത മഴ കാരണം അരിയുടെ സ്റ്റോക്കിലുണ്ടായ കുറവ് കാരണമാണ് വില വർദ്ധനവ് ഉണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം. നവംബർ മധ്യത്തോടെ വിലയിൽ കുറവ് വരാൻ സാധ്യതയുണ്ടെന്നാണു ലഭിക്കുന്ന സൂചന.

നിലവിൽ എഫ് സി ഐ യുടെ പക്കലും മറ്റും ആവശ്യത്തിന് സ്റ്റോക്ക് നിലവിലുണ്ട്. മാത്രമല്ല റെക്കോർഡ് നെല്ല് ഉല്പാദനവും സംഭരണവുമാണ് ഈ വർഷം നടന്നത്. ഇത്തരം സാഹചര്യത്തിൽ തുടർ വർദ്ധനവിനുള്ള യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല.

ഒക്ടോബർ ഒടുവിലത്തെ കണക്ക് പ്രകാരം 249 .16 ലക്ഷം മെട്രിക് ടൺ അരി എഫ് സി ഐ യുടെ പക്കൽ നീക്കിയിരുപ്പുണ്ട്.2019 -20 ഖാരിഫ് മാർക്കറ്റിംഗ് സീസണിൽ 416 ലക്ഷം ടൺ അരി സംഭരിക്കുന്നതിനായാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ കനത്ത പേമാരിയിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ നിലവിൽ സംശയങ്ങൾ നിലനിൽക്കുകയാണ്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.14 | 39.68 | 40.06 | 0.96 | 2.35 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 39.50 | 40.00 | 1.27 | -9.09 |
| 3 | റോസ് | കിലോഗ്രാം | 39.27 | 40.50 | 41.06 | 1.38 | 4.56 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.15 | 36.89 | 37.43 | 1.46 | 3.54 |
| 5 | ജയ | കിലോഗ്രാം | 35.90 | 36.50 | 37.55 | 2.88 | 4.60 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.92 | 34.75 | 34.81 | 0.17 | 2.62 |



## II. പയർ വർഗ്ഗങ്ങൾ

അവലോകന മാസമായ ഒക്ടോബറിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ ഉഴുന്ന് ഒഴികെയുള്ള ഇനങ്ങളിൽ ഏതാണ്ട് വില സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് ദൃശ്യമായത്.എന്നാൽ ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കനത്ത മഴ വില വീണ്ടും വർദ്ധിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഉഴുന്നിന്റെ വിലയിൽ കാര്യമായ ഒരു വർദ്ധനവിന് സാധ്യത ഉണ്ട്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഖരീഫ് സീസണിലെ ഉല്പാദനത്തിൽ കുറവ് കാണിക്കുകയും അതേസമയം തന്നെ കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ പയർ വർഗ്ഗങ്ങളിൽ മൊത്തം ഏതാണ്ട് 12 ശതമാനത്തിന്റെ കുറവ് കാണിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ വരും നാളുകളിലും പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ ഒരു കുറവിനുള്ള സാധ്യത കാണുന്നില്ല.

വടക്കു കിഴക്കൻ മൺസൂണിൽ ലഭിച്ച നല്ല മഴ റാബി സീസണിലെ കൃഷിക്ക് ഗുണകരമാവുന്നതിനും അത് വഴി ഉല്പാദന വർദ്ധനവിനും സാധ്യതയുണ്ട്. പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കൂടുതലും ഉല്പാദിപ്പിക്കുന്നത് റബി സീസണിലാണെന്നിരിക്കെ ഇത് വില ഒരു പരിധി വരെ വില പിടിച്ചു നിർത്തുന്നതിനു സഹായകരമായിരിക്കും

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 84.74 | 95.59 | 94.21 | -1.44 | 11.18 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 88.81 | 98.84 | 97.82 | -1.03 | 10.15 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 80.57 | 95.70 | 99.20 | 3.66 | 23.12 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.43 | 91.61 | 94.84 | 3.53 | 19.40 |
| 5 | വൻപയർ | കിലോഗ്രാം | 66.81 | 82.48 | 83.75 | 1.54 | 25.36 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 79.95 | 99.34 | 98.36 | -0.99 | 23.03 |
| 7 | കടല(വലുത്) | കിലോഗ്രാം | 73.40 | 78.45 | 78.50 | 0.06 | 6.95 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 65.54 | 75.25 | 75.06 | -0.25 | 14.53 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 59.86 | 71.02 | 70.90 | -0.17 | 18.44 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.46 | 72.81 | 72.77 | -0.05 | 6.30 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഒക്ടോബർ അവസാനത്തോടെ കോഴിമുട്ടയുടെ വിലയിൽ വർദ്ധനവ് ദൃശ്യമായി .ഇത് നവംബറിലും തുടരാൻ ഇടയുണ്ട്. ക്രിസ്തുമസിനോട് അനുബന്ധിച്ചു നവംബർ ഡിസംബർ മാസത്തിൽ മുട്ടയുടെ വിലയിൽ സാധാരണയായി വർദ്ധനവ് ദൃശ്യമാവാറുണ്ട്. ഇറച്ചിക്കോഴിയുടെ വിലയിൽ അവലോകന മാസത്തിൽ കുറവുണ്ടായെങ്കിലും മാസാവസാനം വില വർദ്ധനവിനുള്ള പ്രവണത ദൃശ്യമായിരുന്നു. നവംബറിലും വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

പഞ്ചസാരയുടെ വിലയിൽ വർദ്ധനവിന് ശേഷം അവലോകനമാസത്തിൽ കുറവ് വന്നു. വരും മാസത്തിൽ വില സ്ഥിരത നിലനിർത്താനാണ് സാധ്യത

ടീ ബോർഡിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ തേയിലയുടെ ഉല്പാദനത്തിൽ ജനുവരി മുതൽ സപ്തംബർ വരെയുള്ള കാലയളവിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു 2.77 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു. എന്നാൽ തെക്കേ ഇന്ത്യയിൽ ഉത്പാദനം കുറയുകയാണുണ്ടായത്. കേരളത്തിലും ,തമിഴ്നാട്ടിലും കനത്ത മഴ കാരണം കൃഷി നശിച്ചതിനാലാണ് ഉല്പാദനത്തിൽ കുറവുണ്ടായത്.അതെ സമയം വില പരിശോധിക്കുമ്പോൾ ജനുവരി മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ കഴിഞ്ഞ വർഷത്തേക്കാൾ 3 ശതമാനത്തിലധികം വില വർദ്ധിച്ചിട്ടുണ്ട് .

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **37.82** | **39.25** | **38.87** | **-0.97** | **2.78** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **152.15** | **155.58** | **156.83** | **0.80** | **3.08** |
| 3 | ശർക്കര | കിലോഗ്രാം | **53.76** | **55.89** | **55.38** | **-0.91** | **3.01** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **50.97** | **51.18** | **54.60** | **6.68** | **7.12** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **550.71** | **581.79** | **583.21** | **0.24** | **5.90** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **114.90** | **98.56** | **100.52** | **1.99** | **-12.52** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **145.83** | **147.68** | **148.00** | **0.22** | **1.49** |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **161.62** | **162.62** | **162.96** | **0.21** | **0.83** |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

അവലോകനമാസമായ ഒക്ടോബറിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് അനുഭവപ്പെട്ടു. എന്നാൽ മാസാവസാനം വർദ്ധനവിനുള്ള ഒരു പ്രവണത ദൃശ്യമാണ്. ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റിയുടെ ഒക്ടോബറിലെ റിപ്പോർട്ട് അനുസരിച്ചു പ്രധാനപ്പെട്ട ഉത്പാദക രാജ്യങ്ങളിൽ എല്ലാം തന്നെ മാസാവസാനത്തിൽ വർദ്ധനവിനുള്ള ഒരു പ്രവണത ദൃശ്യമാണ്. വെളിച്ചെണ്ണയ്ക്ക് ഒക്ടോബർ അവസാന ആഴ്ചയിൽ തൊട്ടു മുൻ ആഴ്ചയിലേതിനേക്കാൾ മെട്രിക് ടണ്ണിന് യുറോപ്പിയൻ യൂണിയനിൽ 11 ഡോളർ വർദ്ധിച്ചപ്പോൾ ഫിലിപ്പീൻസിൽ 8 ഡോളറും, ശ്രീലങ്കയിൽ 21 ഡോളറും, ഇന്ത്യയിൽ 7 ഡോളറും വില വർധിച്ചപ്പോൾ, കൊപ്രയ്ക്ക് ഫിലിപ്പീൻസിൽ 2 ഡോളറും, ഇന്തോനേഷ്യയിൽ 6 ഡോളറും ശ്രീലങ്കയിൽ 4 ഡോളറും, ഇന്ത്യയിൽ 2 ഡോളറും വില വർദ്ധിച്ചു.

നവംബർ മധ്യത്തിൽ ശബരിമല സീസൺ ആരംഭിക്കുന്നതോടെ കേരളത്തിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വില വർദ്ധിക്കാനുള്ള സാധ്യത ഉണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 184.64 | 186.80 | 185.13 | -0.89 | 0.27 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 154.50 | 156.00 | 155.50 | -0.32 | 0.65 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 96.97 | 99.25 | 99.31 | 0.06 | 2.41 |
| 4 | നല്ലെണ്ണ | ലിററർ | 192.79 | 212.27 | 210.21 | -0.97 | 9.04 |
| 5 | കടുക് എണ്ണ | ലിററർ | 144.25 | 132.00 | 132.50 | 0.38 | -8.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 97.26 | 98.50 | 98.79 | 0.29 | 1.57 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.13 | 99.54 | 99.46 | -0.08 | 1.36 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 177.36 | 184.50 | 182.07 | -1.32 | 2.66 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

കഴിഞ്ഞ മാസങ്ങളിലേതു പോലെ തന്നെ അവലോകന മാസമായ ഒക്ടോബറിൽ ഉള്ളി, വെളുത്തുള്ളി, മുളക് എന്നിവയുടെ വിലയിൽ വർദ്ധനവ് തുടർന്നു , വെളുത്തുള്ളിയുടെ വില ആകാശംമുട്ടെ ഉയർന്നുകൊണ്ടിരിക്കുകയാണ് ,വില അടുത്തെങ്ങും കുറയ്ക്കുന്നതിനുള്ള യാതൊരു സാധ്യതയും കാണുന്നില്ല. ഉള്ളിയുടെ വിലയിൽ നവംബർ അവസാനത്തോടെ വില കുറയാൻ സാധ്യതയുണ്ട്.

കർണാടകയിൽ ഉണ്ടായ കനത്ത മഴയിൽ മുളക് കൃഷിയിൽ കാര്യമായ നാശനഷ്ടം ഉണ്ടായതായാണ് വിവരം. ഇത് കാരണം ജനുവരി മുതൽ മുളകിന്റെ പുതിയ സീസണിൽ തെലുങ്കാന, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ മുളകിന്റെ ഡിമാന്റ് വർദ്ധിക്കുന്നതിനും ഇതുമൂലം വില വർദ്ധിക്കുന്നതിനും സാധ്യത ഉണ്ട്. ആയതിനാൽ നിലവിലുള്ള സാഹചര്യത്തിൽ മുളകിന്റെ വിലയിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല

കുരുമുളകിന്റെ ഉത്പാദനം ഇന്ത്യ ഒഴികെയുള്ള രാജ്യങ്ങളിൽ കാര്യമായി വർദ്ധിച്ചതായാണ് റിപ്പോർട്ട്. വിയറ്റ്നാമിൽ നിന്നും ശ്രീലങ്കയിൽ നിന്നുമുള്ള ഇറക്കുമതി കൂടി വർദ്ധിച്ചതോടെ കുരുമുളകിന്റെ വിലയിൽ വലിയ തോതിലുള്ള ഒരു വിലത്തകർച്ച നേരിടുകയാണ്.അടുത്ത മാസങ്ങളിലും കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 82.83 | 101.57 | 98.39 | -3.13 | 18.79 |
| 2 | മുളക് | കിലോഗ്രാം | 124.98 | 160.84 | 171.82 | 6.83 | 37.48 |
| 3 | ഉള്ളി | കിലോഗ്രാം | 46.38 | 58.68 | 63.36 | 7.98 | 36.61 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 165.36 | 143.79 | 143.57 | -0.15 | -13.18 |
| 5 | ജീരകം | 100 ഗ്രാം | 29.50 | 29.89 | 29.59 | -1.00 | 0.31 |
| 6 | കടുക് | 100 ഗ്രാം | 9.12 | 9.57 | 9.55 | -0.21 | 4.71 |
| 7 | ഉലുവ | 100 ഗ്രാം | 9.63 | 10.14 | 10.09 | -0.49 | 4.78 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.50 | 18.54 | 18.59 | 0.27 | 0.49 |
| 9 | വെളുത്തുള്ളീ | 100 ഗ്രാം | 6.55 | 15.55 | 21.09 | 35.63 | 221.98 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 465.08 | 414.90 | 406.00 | -2.15 | -12.70 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ ഉരുളക്കിഴങ്ങ് ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവ് ദൃശ്യമായിരുന്നു.കാരറ്റ്, ബീറ്റ്റൂട്ട്, ചേമ്പ്, ചേന, മരച്ചീനി എന്നിവക്കെല്ലാം വിലക്കുറവുണ്ടായി .ഉരുളക്കിഴങ്ങിന്റെ വിലയിൽ നേരിയൊരു വിലക്കയറ്റം കാണപ്പെട്ടു .

ചേമ്പിന്റെ വിലയിൽ 13 ശതമാനവും, ബീറ്റ്റൂട്ട് വിലയിൽ 5 ശതമാനവും, ചേന, കാരറ്റ് എന്നിവയുടെ വിലയിൽ 3 ശതമാനവും കുറവുണ്ടായി, അതേസമയം ഉരുളക്കിഴങ്ങിന്റെ വിലയിൽ 6 ശതമാനം വില വർദ്ധിച്ചു.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചേമ്പ്, ബീറ്റ്റൂട്ട് എന്നിവയുടെ വിലയിൽ യഥാക്രമം 25, 38 ശതമാനം വർദ്ധനവ് ഉണ്ടായപ്പോൾ കാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ യഥാക്രമം 10, 9 ശതമാനം കുറവുണ്ടായി

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.10 | 35.30 | 34.05 | -3.54 | -0.15 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.79 | 27.25 | 26.83 | -1.54 | 4.03 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 34.02 | 28.98 | 30.73 | 6.04 | -9.67 |
| 4 | ചേമ്പ് | കിലോഗ്രാം | 48.12 | 70.12 | 60.42 | -13.83 | 25.56 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 29.62 | 43.27 | 41.07 | -5.08 | 38.66 |
| 6 | കാരററ് | കിലോഗ്രാം | 56.74 | 52.36 | 50.77 | -3.04 | -10.52 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകന മാസമായ ഒക്ടോബറിൽ പച്ചക്കറി ഇനങ്ങളിൽ സവാള, തക്കാളി എന്നിവയുടെ വിലയിലാണ് കാര്യമായ വ്യതിയാനം ഉണ്ടായത്. സപ്തംബർ അവസാനത്തോടെ കുറഞ്ഞു തുടങ്ങിയ സവാളയുടെ വില ഒക്ടോബർ അവസാനത്തോടെ വീണ്ടും വർദ്ധിച്ചു തുടങ്ങിയിട്ടുണ്ട്. ഉത്തരേന്ത്യയിലുണ്ടായ കനത്ത മഴ കാരണം കർഷകർക്ക് തങ്ങളുടെ ഉത്പന്നം വിപണിയിൽ എത്തിക്കാൻ സാധിക്കാതെ വന്നതുകൊണ്ടാണ് സവാളയുടെ വില വീണ്ടും വർദ്ധിക്കാൻ ഇടയായതെന്നാണ് വിവരം

ഹോർട്ടികൾച്ചർ വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം സവാളയുടെ ഖരീഫ് സീസണിലെ കാർഷിക വിസ്തൃതിയിൽ 7 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.

സപ്തംബർ/ഒക്ടോബർ മാസങ്ങളിലുണ്ടായ കനത്ത മഴയിൽ മഹാരാഷ്ട്രയിൽ 58 ശതമാനവും കർണാടകം 18 ശതമാനവും ആന്ധ്രായിൽ 2 ശതമാനവും സവാള കൃഷി നശിച്ചതായാണ് റിപ്പോർട്ട്.

മഴ കാരണം മഹാരാഷ്ട്രയിൽ നിന്നുള്ള വിളവെടുപ്പ് വൈകിയതാണ് ഇപ്പോഴുള്ള വിലക്കയറ്റം രൂക്ഷമാവാൻ കാരണം. അതേസമയം കർണാടകം , ആന്ധ്രപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ നല്ല രീതിയിൽ വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ട് ,മധ്യപ്രദേശിലും ഗുജറാത്തിലും വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്.

നിലവിലുള്ള സാഹചര്യത്തിൽ നവംബർ അവസാനത്തോടെ സവാളയുടെ വില കുറയുവാൻ ഇടയുണ്ട്

തക്കാളിയുടെ വില ഒക്ടോബർ മധ്യത്തോടുകൂടി കുറഞ്ഞു തുടങ്ങി. നവംബറിൽ വില കുറഞ്ഞു ഏതാണ്ട് വില സ്ഥിരത നില നിർത്താൻ സാധ്യതയുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 22.07 | 44.80 | 47.48 | 5.98 | 115.13 |
| 2 | വഴുതന | കിലോഗ്രാം | 33.45 | 36.71 | 35.80 | -2.48 | 7.03 |
| 3 | മത്തങ്ങ | കിലോഗ്രാം | 19.07 | 22.86 | 23.66 | 3.50 | 24.07 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.26 | 34.96 | 35.63 | 1.92 | 75.86 |
| 5 | വെണ്ടക്ക | കിലോഗ്രാം | 34.33 | 35.25 | 37.70 | 6.95 | 9.82 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 44.55 | 57.93 | 52.46 | -9.44 | 17.76 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 54.79 | 55.89 | 55.71 | -0.32 | 1.68 |
| 8 | കാബേജ് | കിലോഗ്രാം | 26.40 | 33.38 | 31.50 | -5.63 | 19.32 |
| 9 | പാവയ്ക്ക | കിലോഗ്രാം | 47.19 | 48.05 | 49.25 | 2.50 | 4.37 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.62 | 24.48 | 27.32 | 11.60 | 26.36 |
| 11 | പടവലങ്ങ | കിലോഗ്രാം | 35.74 | 40.14 | 37.89 | -5.61 | 6.02 |
| 12 | തക്കാളി | കിലോഗ്രാം | 19.79 | 25.66 | 36.86 | 43.65 | 86.26 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.44 | 5.33 | 5.11 | -4.13 | 15.09 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 42.12 | 53.82 | 48.96 | -9.03 | 16.24 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 30.90 | 38.21 | 37.95 | -0.68 | 22.82 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകന മാസമായ ഒക്ടോബറിൽ മാതളം ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവ് ദൃശ്യമായിരുന്നു. മാസങ്ങൾക്കു ശേഷം പഴ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ കുറവ് അവലോകനമാസമായ ഒക്ടോബറിൽ ദൃശ്യമായി. പൊതുവെ മിക്ക ഇനങ്ങളുടെയും വിലയിൽ കുറവ് അനുഭവപ്പെട്ടു, പ്രത്യേകിച്ച് പഴ വർഗ്ഗങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗമുള്ള വാഴപ്പഴങ്ങളുടെ വിലയിൽ എടുത്തുപറയത്തക്ക കുറവുണ്ടായി .

ഓറഞ്ചിന്റെ സീസൺ ആയത്തോടുകൂടി ഓറഞ്ചു വിപണി സജീവമായിട്ടുണ്ട്. ഓറഞ്ചിന്റെ വിലയിൽ കാര്യമായ കുറവുണ്ടായി. നവംബറിൽ വില വീണ്ടും കുറയാനാണു സാധ്യത.അതെ സമയം മാതളത്തിന്റെ വിലയിൽ 8 ശതമാനത്തോളം വർദ്ധനവ് ഉണ്ടായി .

പഴ വർഗ്ഗങ്ങളിൽ നവംബറിലും പൊതുവെ കാര്യമായ വിലക്കയറ്റം ഉണ്ടാവാൻ സാധ്യതയില്ലെന്നാണ് വിപണിയിൽ നിന്നും നിലവിൽ ലഭിക്കുന്ന സൂചന

.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **56.93** | **93.83** | **73.63** | **-21.53** | **29.33** |
| 2 | മുസമ്പി | കിലോഗ്രാം | **52.79** | **74.96** | **73.97** | **-1.32** | **40.12** |
| 3 | മാതളം | കിലോഗ്രാം | **108.85** | **118.65** | **128.54** | **8.34** | **18.09** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **109.71** | **110.52** | **104.38** | **-5.56** | **-4.86** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **49.36** | **62.57** | **59.30** | **-5.23** | **20.14** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **33.88** | **46.29** | **36.86** | **-20.37** | **8.80** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **58.23** | **74.68** | **58.50** | **-21.67** | **0.46** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **51.28** | **64.24** | **57.18** | **-10.99** | **11.51** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.05** | **36.54** | **33.65** | **-7.91** | **19.96** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **110.00** | **113.26** | **109.96** | **-2.91** | **-0.04** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **34.42** | **25.34** | **23.96** | **-5.45** | **-30.39** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **83.04** | **98.01** | **87.98** | **-10.23** | **5.95** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **76.59** | **81.59** | **79.77** | **-2.23** | **4.15** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസമായ ഒക്ടോബറിൽ ഈ ഇനത്തിൽ സിമന്റ് സ്റ്റീൽ എന്നിവയുടെ വിലയിൽ ഏതാണ്ട് വില സ്ഥിരത നില നിർത്തി. സിമന്റിന്റ വില നാനൂറു രൂപയിൽ താഴെയായി നില നിൽക്കുന്നു. പൊതുവെ നിർമ്മാണ മേഖലയിൽ മാന്ദ്യം നിലനിക്കുന്ന സാഹചര്യത്തിൽ നവംബറിലും വില ഏതാണ്ട് ഇതേ നിലയിൽ തന്നെ തുടരാനാണ് സാധ്യത

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.00** | **20.00** | **0.00** | **0.00** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.33** | **27.23** | **26.52** | **-2.61** | **-6.39** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **486.67** | **495.00** | **495.00** | **0.00** | **1.71** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **403.13** | **397.57** | **397.39** | **-0.05** | **-1.42** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **398.13** | **391.86** | **391.68** | **-0.05** | **-1.62** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **56.56** | **49.64** | **48.55** | **-2.20** | **-14.16** |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **ധാന്യങ്ങൾ** | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.14 | 39.68 | 40.06 | 0.96 | 2.35 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 39.50 | 40.00 | 1.27 | -9.09 |
| 3 | റോസ് | കിലോഗ്രാം | 39.27 | 40.50 | 41.06 | 1.38 | 4.56 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.15 | 36.89 | 37.43 | 1.46 | 3.54 |
| 5 | ജയ | കിലോഗ്രാം | 35.90 | 36.50 | 37.55 | 2.88 | 4.60 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.92 | 34.75 | 34.81 | 0.17 | 2.62 |
| | **പയർ വർഗ്ഗങ്ങൾ** | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 84.74 | 95.59 | 94.21 | -1.44 | 11.18 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 88.81 | 98.84 | 97.82 | -1.03 | 10.15 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 80.57 | 95.70 | 99.20 | 3.66 | 23.12 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.43 | 91.61 | 94.84 | 3.53 | 19.40 |
| 5 | വൻപയർ | കിലോഗ്രാം | 66.81 | 82.48 | 83.75 | 1.54 | 25.36 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 79.95 | 99.34 | 98.36 | -0.99 | 23.03 |
| 7 | കടല(വലുത്) | കിലോഗ്രാം | 73.40 | 78.45 | 78.50 | 0.06 | 6.95 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 65.54 | 75.25 | 75.06 | -0.25 | 14.53 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 59.86 | 71.02 | 70.90 | -0.17 | 18.44 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.46 | 72.81 | 72.77 | -0.05 | 6.30 |
| | **മററ് ഭക്ഷ്യവസ്തുക്കൾ** | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.82 | 39.25 | 38.87 | -0.97 | 2.78 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 152.15 | 155.58 | 156.83 | 0.80 | 3.08 |
| 3 | ശർക്കര | കിലോഗ്രാം | 53.76 | 55.89 | 55.38 | -0.91 | 3.01 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 50.97 | 51.18 | 54.60 | 6.68 | 7.12 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 550.71 | 581.79 | 583.21 | 0.24 | 5.90 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 114.90 | 98.56 | 100.52 | 1.99 | -12.52 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 145.83 | 147.68 | 148.00 | 0.22 | 1.49 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 162.62 | 162.96 | 0.21 | 0.83 |
| | **ഏണ്ണയും എണ്ണക്കുരുക്കളും** | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 184.64 | 186.80 | 185.13 | -0.89 | 0.27 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 154.50 | 156.00 | 155.50 | -0.32 | 0.65 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 96.97 | 99.25 | 99.31 | 0.06 | 2.41 |
| 4 | നല്ലെണ്ണ | ലിററർ | 192.79 | 212.27 | 210.21 | -0.97 | 9.04 |
| 5 | കടുക് എണ്ണ | ലിററർ | 144.25 | 132.00 | 132.50 | 0.38 | -8.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 97.26 | 98.50 | 98.79 | 0.29 | 1.57 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.13 | 99.54 | 99.46 | -0.08 | 1.36 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 177.36 | 184.50 | 182.07 | -1.32 | 2.66 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 82.83 | 101.57 | 98.39 | -3.13 | 18.79 |
| 2 | മുളക് | കിലോഗ്രാം | 124.98 | 160.84 | 171.82 | 6.83 | 37.48 |
| 3 | ഉള്ളി | കിലോഗ്രാം | 46.38 | 58.68 | 63.36 | 7.98 | 36.61 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 165.36 | 143.79 | 143.57 | -0.15 | -13.18 |
| 5 | ജീരകം | 100 ഗ്രാം | 29.50 | 29.89 | 29.59 | -1.00 | 0.31 |
| 6 | കടുക് | 100 ഗ്രാം | 9.12 | 9.57 | 9.55 | -0.21 | 4.71 |
| 7 | ഉലുവ | 100 ഗ്രാം | 9.63 | 10.14 | 10.09 | -0.49 | 4.78 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.50 | 18.54 | 18.59 | 0.27 | 0.49 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.55 | 15.55 | 21.09 | 35.63 | 221.98 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 465.08 | 414.90 | 406.00 | -2.15 | -12.70 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.10 | 35.30 | 34.05 | -3.54 | -0.15 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.79 | 27.25 | 26.83 | -1.54 | 4.03 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 34.02 | 28.98 | 30.73 | 6.04 | -9.67 |
| 4 | ചേമ്പ് | കിലോഗ്രാം | 48.12 | 70.12 | 60.42 | -13.83 | 25.56 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 29.62 | 43.27 | 41.07 | -5.08 | 38.66 |
| 6 | കാരററ് | കിലോഗ്രാം | 56.74 | 52.36 | 50.77 | -3.04 | -10.52 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 22.07 | 44.80 | 47.48 | 5.98 | 115.13 |
| 2 | വഴുതന | കിലോഗ്രാം | 33.45 | 36.71 | 35.80 | -2.48 | 7.03 |
| 3 | മത്തങ്ങ | കിലോഗ്രാം | 19.07 | 22.86 | 23.66 | 3.50 | 24.07 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.26 | 34.96 | 35.63 | 1.92 | 75.86 |
| 5 | വെണ്ടക്ക | കിലോഗ്രാം | 34.33 | 35.25 | 37.70 | 6.95 | 9.82 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 44.55 | 57.93 | 52.46 | -9.44 | 17.76 |
| 7 | വള്ളിപയർ | കിലോഗ്രാം | 54.79 | 55.89 | 55.71 | -0.32 | 1.68 |
| 8 | കാബേജ് | കിലോഗ്രാം | 26.40 | 33.38 | 31.50 | -5.63 | 19.32 |
| 9 | പാവയ്ക്ക | കിലോഗ്രാം | 47.19 | 48.05 | 49.25 | 2.50 | 4.37 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.62 | 24.48 | 27.32 | 11.60 | 26.36 |
| 11 | പടവലങ്ങ | കിലോഗ്രാം | 35.74 | 40.14 | 37.89 | -5.61 | 6.02 |
| 12 | തക്കാളി | കിലോഗ്രാം | 19.79 | 25.66 | 36.86 | 43.65 | 86.26 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.44 | 5.33 | 5.11 | -4.13 | 15.09 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 42.12 | 53.82 | 48.96 | -9.03 | 16.24 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 30.90 | 38.21 | 37.95 | -0.68 | 22.82 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 56.93 | 93.83 | 73.63 | -21.53 | 29.33 |
| 2 | മുസമ്പി | കിലോഗ്രാം | 52.79 | 74.96 | 73.97 | -1.32 | 40.12 |
| 3 | മാതളം | കിലോഗ്രാം | 108.85 | 118.65 | 128.54 | 8.34 | 18.09 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 109.71 | 110.52 | 104.38 | -5.56 | -4.86 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 49.36 | 62.57 | 59.30 | -5.23 | 20.14 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 33.88 | 46.29 | 36.86 | -20.37 | 8.80 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 58.23 | 74.68 | 58.50 | -21.67 | 0.46 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 51.28 | 64.24 | 57.18 | -10.99 | 11.51 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.05 | 36.54 | 33.65 | -7.91 | 19.96 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 110.00 | 113.26 | 109.96 | -2.91 | -0.04 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 34.42 | 25.34 | 23.96 | -5.45 | -30.39 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 83.04 | 98.01 | 87.98 | -10.23 | 5.95 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 76.59 | 81.59 | 79.77 | -2.23 | 4.15 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.00 | 0.00 | 0.00 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.33 | 27.23 | 26.52 | -2.61 | -6.39 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 486.67 | 495.00 | 495.00 | 0.00 | 1.71 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 403.13 | 397.57 | 397.39 | -0.05 | -1.42 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 398.13 | 391.86 | 391.68 | -0.05 | -1.62 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 56.56 | 49.64 | 48.55 | -2.20 | -14.16 |